## കേരള സർക്കാർ - ജലവിഭവവകുപ്പ്

നമ്പർ. ഡി.1. /ടി.എൻ./2014-15 (2) തീയതി.15/02/2018

## ലഘുദർഘാസ് പരസ്യം

(കേരള ഗവർണ്ണർക്കു വേണ്ടി)

എൽ.ബി.സി. സബ് ഡിവിഷൻ, പാലക്കാട് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്കു വേണ്ടി കേരളപൊതുമരാമത്ത് /ജലവിഭവവകുപ്പിലെ നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ളതും, മുദ്രവെച്ചതും പ്രവൃത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകൾപോസ്റ്റൽ ഡിപ്പാർട്ടുമെൻറ് മുഖാന്തിരം രജിസ്റ്റേർഡ് തപാലിൽ പോസ്റ്റ് ചെയ്തിട്ടുള്ളതായിരിക്കണം. കൊറിയർ സർവ്വീസ് മുഖാന്തിരമോ നേരിട്ടോ ഉള്ള ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ താഴെ പറയുന്ന പട്ടികയിലുള്ള നിശ്ചിത തീയതികളിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിശ്ചിത സമയത്ത് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാകുന്നു. തുറക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം അതേസമയത്ത് തുറക്കുന്നതുമായിരിക്കും. പ്രവർത്തിയുടെ ക്രമനമ്പർ, ദർഘാസ് നമ്പർ, പ്രവൃത്തിയുടെ പേര്, ഉദ്ദേശ അടങ്കൽ തുക, ദർഘാസ് പ്രമാണത്തിൻെറ വില, നിരതദ്രവ്യം, കരാറുകാരുടെ വിഭാഗം, പ്രവൃത്തികൾ തീർക്കേണ്ട കാലാവധി എന്നിവ ക്രമമായി താഴെ കൊടുത്തിരിക്കുന്നു.

| കമ നമ്പർ | ദർഘാസ് നമ്പർ. | പ്രവൃത്തിയുടെ പേര്, ഉദ്ദേശ അടങ്കൽ തുകയും. | നിരത ദ്രവ്യം | ദർഘാസ് പ്രമാണ ത്തിൻെറ വില. | പ്രവൃത്തി തീർക്കേണ്ട കാലാവധി. | കരാറുകാരൻെ വിഭാഗം |
|---|---|---|---|---|---|---|
| 1 | 1/17-18 | മലമ്പുഴ പദ്ധതി - എൽ.ബി.സി.- ആർ.ഡി.ഒ കോമ്പൗണ്ടിലുള്ള 3 ഓഫീസ് കെട്ടിടങ്ങളുടെ മരാമത്ത് പണികൾ രൂപ 2,50,000/- . | 6300/- | 500+ നികുതി | 3 മാസം | ഡി ക്ളാസ്സും അതിനു മുകളിലും |
| 2 | 2/17-18 | മലമ്പുഴ പദ്ധതി - എൽ.ബി.സി.- ഓടന്നൂർ ബ്രാഞ്ച് കനാലിൻെറ ചെയിനേജ് 1/650 കീ.മീറ്റർ മുതൽ 1/750 കീ. മിറ്റർ വരെയുള്ള ദുർബലവും, ദുർബലവുമായ ഭാഗങ്ങളുടെ അടിയന്തിര അറ്റകുറ്റപണികൾ. രൂപ 2,00,000/- | 5000/- | 500+ നികുതി | 3 മാസം | ഡി ക്ളാസ്സും അതിനു മുകളിലും |
| 3 | 3/17-18 | മലമ്പുഴ പദ്ധതി - എൽ.ബി.സി.- കണ്ണാടി നമ്പർ 1 ബ്രാഞ്ച് കനാലിൻെറ ചെയിനേജ് 0/100 കീ.മീറ്റർ മുതൽ 0/250 കീ. മിറ്റർ വരെയുള്ള ദുർബലവും, ദുർബലവുമായ ഭാഗങ്ങളുടെ അടിയന്തിര അറ്റകുറ്റപണികൾ. രൂപ 2,00,000/- | 5000/- | 500+ നികുതി | 3 മാസം | ഡി ക്ളാസ്സും അതിനു മുകളിലും |
| 4 | 4/17-18 | മലമ്പുഴ പദ്ധതി - എൽ.ബി.സി.- വാവുള്ളിയാപുരം ബ്രാഞ്ച് കനാലിന്റെ അമ്പലക്കാട് ഫീൽഡ് ബോത്തിയുടെ ചെയിനേജ് 0/090 കീ.മീറ്റർ മുതൽ 0/160 കീ. മിറ്റർ വരെയുള്ള കനാൽ ബണ്ടിന്റെ നിറഞ്ഞുകവിയുന്ന ഭാഗത്തിന്റെ അടിയന്തിര അറ്റകുറ്റപണികൾ.രൂപ 3,00,000/- | 7500/- | 600+ നികുതി | 3 മാസം | ഡി ക്ളാസ്സും അതിനു മുകളിലും |

ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന അവസാനതീയതി – 23/02/2018 ഉച്ചക്ക് 1 മണി വരെ

ദർഘാസുകൾ ഓഫീസിൽ തപാലിൽ ലഭിക്കേണ്ട അവസാന തീയതി - 28/02/2018 3 മണി വരെ.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും - 28/02/2018 3.30 മണിക്ക്.

ദർഘാസ്ഫോറങ്ങളും മറ്റ് വിവരങ്ങളും എൽ.ബി.സി. സബ് ഡിവിഷൻ, പാലക്കാട് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ദർഘാസ് പ്രമാണത്തിൻെറ വിലയടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിൻെറ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസ്പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടുള്ളതല്ല. കേരള പൊതുമരാമത്ത് /ജലവിഭവവകുപ്പിൽ ദർഘാസിനെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസിനൊപ്പം 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്യേണ്ടതും നിരതദ്രവ്യം എൽ.ബി.സി.സബ് ഡിവിഷൻ, പാലക്കാട് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പണയപ്പെടുത്തേണ്ടതുമായിരിക്കണം.

പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവെയ്ക്കാത്തതുമായ ദർഘാസ്സുകൾ നിരസിക്കുന്നതാണ്. 1989ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8 (2) വകുപ്പനുസരിച്ച് പ്രവർത്തികൾ പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചിലവിൻെറ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാൻ ബാദ്ധ്യസ്ഥനാണ്.

എന്ന് വിശ്വസ്തതയോടെ,

ബിജു.കെ,
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
കേരള ഗവർണർക്കു വേണ്ടി.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, എൽ.ബി.സി. സബ് ഡിവിഷൻ,
പാലക്കാട്. - 678001 (0491- 2501505)

പകർപ്പ്.

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴ.
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ ഓഫീസ്, ചുണ്ണാമ്പുത്തറ.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാട്.
4. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹെഡ്വർക്ക്സ് സബ് ഡിവിഷൻ, മലമ്പുഴ, കനാൽ സബ് ഡിവിഷൻ, ആലത്തൂർ, ഇറിഗേഷൻ സബ് ഡിവിഷൻ, നെന്മാറ എന്നിവരുടെ അറിവിലേക്കായി അയക്കുന്നു.
5. ദി പ്രസിഡൻറ്, ഗവൺമെൻറ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, താരേക്കാട്, പാലക്കാട്.
6. ദി പ്രസിഡൻറ്, ഗവൺമെൻറ് കോൺട്രാക്ടേഴ്സ് ഫെഡറേഷൻ, നെന്മാറ.
7. ഈ ഓഫീസിലെ ഹെഡ് ക്ളാർക്ക്, ഡി.2. സെക്ഷൻ/ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ടേബിൾ.
8. നോട്ടീസ് ബോർഡ്.
9. അസിസ്റ്റൻറ് എഞ്ചിനീയർ, എം.പി. കനാൽ സെക്ഷൻ,പാലക്കാട്, എരിമയൂർ, കൊടുവായൂർ, മാത്തൂർ.